LIBRARY ARCHIVES Kerala Legislative Assembly

ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെൻറ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനായി കഴിഞ്ഞ അഞ്ച് വർഷം എത്ര തുകയാണ് മാറ്റിവച്ചിരുന്നത്; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 28-12-2013-ൽ ഭരണാനുമതി നൽകിയ 70 കോടി രൂപയിൽ നാളിതുവരെ 56.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട് കുടിവെള്ള പദ്ധതിക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകിയ 289.54 കോടി രൂപയിൽ 81,250 രൂപ സ്ഥലമേറ്റെടുക്കുന്നതിനായി ചെലവഴിച്ചു.

രണ്ടാം കുട്ടനാട് പാക്കേജ്

74(1059) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ കൃഷിമേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഒന്നാം കുട്ടനാട് പാക്കേജിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രളയത്തിന്റെ ആഘാതത്തിൽനിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ട് രണ്ടാം കുട്ടനാട് പാക്കേജ് സർക്കാർ നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി 2020-21 വർഷത്തിൽ 20 കോടി രൂപയും 2021-22 വർഷത്തിൽ 13.5 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ കുട്ടനാട് വികസനത്തിനായി കാർഷിക മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.